LIBRARY ARCHIVES Kerala Legislative Assembly

ആലുവ നിർമ്മല സ്കൂൾ ജംഗ്ഷൻ മുതൽ ഇടപ്പള്ളി പുക്കാട്ടുപടിവരെ പൈപ്പ് ഇടൽ

73 [1903] *ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയുടെ ഹഡ്കോ കുടിവെള്ള പദ്ധതി പ്രകാരം ആലുവ നിർമ്മല സ്കൂൾ ജംഗ്ഷൻ മുതൽ ഇടപ്പള്ളി പുക്കാട്ടുപടി വരെയുള്ള ഭാഗത്ത് പൈപ്പ് ഇടുന്നത് സംബന്ധിച്ച ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പൈപ്പിടൽ പ്രവർത്തി എന്നത്തേക്ക് പൂർത്തിയാവുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റിയുടെ ഹഡ്കോ കുടിവെള്ള പദ്ധതി പ്രകാരം ആലുവ നിർമ്മല സ്കൂൾ ജംഗ്ഷൻ മുതൽ ഇടപ്പള്ളി പുക്കാട്ടുപടി വരെയുള്ള ഭാഗത്ത് പൈപ്പ് ഇടുന്നതിനായിട്ടുള്ള ജോലി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) 2006 മേയ് മാസത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ജപ്പാൻ കുടിവെള്ള പദ്ധതി

74 [1904] *ശ്രീ. കെ. മുഹമ്മദാലി:*
,, എം. കെ. പോൾസൺ മാസ്റ്റർ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായംകൊണ്ട് രൂപം കൊടുക്കുന്ന കുടിവെള്ള പദ്ധതി എത്ര കാലത്തിനുള്ളിലാണ് പൂർത്തിയാക്കേണ്ടത്;

(ബി) ഈ കാലയളവിനുള്ളിൽ അത് പൂർത്തിയാക്കാത്തപക്ഷം കൺസൾട്ടൻസിക്ക് എന്ത് തുക നഷ്ടപരിഹാരം നൽകണം;

(സി) നിശ്ചിത സമയത്തിനുള്ളിൽത്തന്നെ പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുവാൻ എന്തെല്ലാം മുൻകരുതലെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2007 ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കൺസൾട്ടൻസിക്ക് നഷ്ടപരിഹാരമൊന്നും നൽകേണ്ടതില്ല. എന്നാൽ പദ്ധതി നിശ്ചയിച്ച സമയത്തിനുള്ളിൽ പൂർത്തീകരിക്കാതെ വന്നാൽ കൺസൾട്ടൻസിക്ക് കൂടുതൽ കാലയളവിലേക്ക് കൂടിയ നിരക്കിൽ റെമ്യൂണറേഷൻ നൽകേണ്ടിവരും.

(സി) പദ്ധതിയുടെ പ്രവർത്തന പുരോഗതി കേരള വാട്ടർ അതോറിറ്റി ബോർഡ് മാസം തോറും അവലോകനം ചെയ്യുന്നു. പദ്ധതിക്കാവശ്യമായ ഫണ്ട് ബഡ്ജറ്റ് പ്രകാരം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായ ഒരു എംപവേർഡ് കമ്മിറ്റി നിലവിലുണ്ട്. കൂടാതെ പദ്ധതിയെക്കുറിച്ച് അതാതു സമയം അവലോകനം നടത്തുന്നുണ്ട്.

മൂർക്കനാട് ശുദ്ധജല വിതരണ പദ്ധതി

75 [1905] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പൂർത്തിയാകുന്നതോടെ എത്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രവർത്തനക്ഷമമാകുന്നതിന് ഇനി എന്തെല്ലാം പണികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം എന്നത്തേക്ക് ഉദ്ഘാടനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂർക്കനാടും സമീപ വില്ലേജുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് അഞ്ച് ഘട്ടങ്ങളിലായി ഭരണസാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടമായ മൂർക്കനാട് വില്ലേജ് പദ്ധതിക്കാവശ്യമായ പത്ത് മീറ്റർ വ്യാസമുള്ള കിണറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 500 എം.എം.സി.ഐ. പമ്പിംഗ് മെയിൻ എസ്റ്റിമേറ്റ്, 13 എം.എൽ.ഡി. ശുദ്ധീകരണശാലയുടെ എൻ.ഐ.ടി. എന്നിവ തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly